**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് — നഴ്സിംഗ് വിദ്യാഭ്യാസം —അഞ്ച് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിലും തിരുവനന്തപുരം സർക്കാർ കോളേജ് ഓഫ് നഴ്സിംഗിന്റെ അധിക ബാച്ചിലും (അനക്സ്) 2025-26, 2026-27 അധ്യയന വർഷങ്ങളിലേക്ക് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാനദണ്ഡപ്രകാരമുള്ള അധ്യാപക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.193/2026/H&FWD തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:-

1. സ.ഉ. (കൈ) നം. 190/2023/ആ.കു.വ. തീയതി 05.08.2023
2. സ.ഉ. (കൈ) നം.282/2023/ആ.കു.വ. തീയതി 13.10.2023
3. സ.ഉ. (കൈ) നം. 151/2024/ആ.കു.വ. തീയതി 11.07.2024
4. സ.ഉ. (കൈ) നം. 291/2025/ആ.കു.വ. തീയതി 23.08.2025
5. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 06.02.2026 തീയതിയിലെ മെ.വി.വ./1475/2024-പി.ബി 1 നമ്പർ കത്ത്

**ഉത്തരവ്**

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലായി 60 ബി.എസ്.സി. (നഴ്സിംഗ്) സീറ്റോടെ അഞ്ച് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളും തിരുവനന്തപുരം നഴ്സിംഗ് കോളേജിന് അനുബന്ധമായി 100 ബി.എസ്.സി. (നഴ്സിംഗ്) സീറ്റോടെ അധിക ബാച്ചും പരാമർശം (1) ഉത്തരവ് പ്രകാരം ആരംഭിച്ചിരുന്നു.

2. പ്രസ്തുത നഴ്സിംഗ് കോളേജുകളിൽ ആദ്യ അധ്യയന വർഷമായ 2023-24-ലേക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ പരാമർശം (2) പ്രകാരവും രണ്ടാം അധ്യയന വർഷമായ 2024-25-ലേക്ക് ആവശ്യമായ അദ്ധ്യാപക തസ്തികകൾ പരാമർശം (4) പ്രകാരവും സൃഷ്ടിച്ചിരുന്നു.

3. Indian Nursing Council [Revised Regulations and Curriculum for B.Sc. (Nursing) Program] Regulations, 2020 പ്രകാരം ടി സ്ഥാപനങ്ങളിൽ 2025-26, 2026-27 അധ്യയന വർഷങ്ങളിലേക്കായി ആവശ്യമായ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്,

വയനാട്, കാസർഗോഡ് ജില്ലകളിലായി ആരംഭിച്ച അഞ്ച് പുതിയ സർക്കാർ നഴ്സിംഗ് കോളേജുകളിലും വൈസ് പ്രിൻസിപ്പൽ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകൾ ഓരോന്നു വീതവും തിരുവനന്തപുരം നഴ്സിംഗ് കോളേജ്-അനക്സിൽ 2 പ്രൊഫസർ തസ്തികകളും 3 അസോസിയേറ്റ് പ്രൊഫസർ തസ്തികകളും 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും ഉൾപ്പെടെ 2025-26, 2026-27 അധ്യയന വർഷത്തേക്ക് പ്രസ്തുത കോളേജുകളിലേക്ക് ആകെ ആവശ്യമായി വരുന്ന 5 വൈസ് പ്രിൻസിപ്പൽ, 7 പ്രൊഫസർ, 8 അസോസിയേറ്റ് പ്രൊഫസർ, 2 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളും (ആകെ 22 തസ്തികകൾ) സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ.
ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (നം. 2524690/HLT-B1/160/2023-FIN പ്രകാരം)
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം. 90, തീയതി 29.07.2026 പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Digitally signed by
Smitha K P
Date: 01-08-2026
14:04:15

സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.